വെളിച്ചം സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

എട്ടാം ഘട്ടം

പാഠഭാഗം

വെളിച്ചം സൗദി ഓൺലൈൻ

എട്ടാം ഘട്ടം

സൂറത്തുൽ ഇസ്രാഉ്

(ആയത്ത് 94 മുതൽ 111 വരെ)

ക്യാമ്പയിൻ - 07

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

velichamsaudionline velichamsaudionline

വിഭാഗം - 11

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ ٱلْهُدَىٰٓ إِلَّآ أَن قَالُوٓا۟ أَبَعَثَ ٱللَّهُ بَشَرًا رَّسُولًا ﴿٩٤﴾

﴾94﴿ മനുഷ്യർക്ക് സന്മാർഗം വന്നപ്പോൾ, അവർ (അതിൽ) വിശ്വസിക്കുന്നതിന് അവരെ മുടക്കം ചെയ്തിട്ടില്ല. 'അല്ലാഹു മനുഷ്യനെ ഒരു റസൂലായി നിയോഗി (ച്ചയ) ച്ചിരിക്കുകയോ?' എന്ന് അവർ പറഞ്ഞ [വാദിച്ച] തല്ലാതെ!

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا ﴿٩٥﴾

﴾95﴿ (നബിയേ) പറയുക: 'ഭൂമിയിൽ (സമാധാനപൂർവം) അടങ്ങിയവരായി നടന്നുകൊണ്ടിരിക്കുന്ന വല്ല മലക്കുകളും ഉണ്ടായിരുന്നുവെങ്കിൽ, അവരിൽ ആകാശത്തുനിന്ന് നാം മലക്കിനെ ഒരു റസൂലായി ഇറക്കുമായിരുന്നു.'

﴾94﴿ وَمَامَنَعَ മുടക്കിയിട്ടില്ല, തടസ്സപ്പെടുത്തിയിട്ടില്ല النَّاسَ മനുഷ്യരെ أَنْ يُؤْمِنُوا അവർ വിശ്വസിക്കുന്നതിന്, വിശ്വസിക്കലിനെ إِذْ جَاءَهُمُ അവർക്ക് വന്നപ്പോൾ الْهُدَىٰ സന്മാർഗം, മാർഗദർശനം إِلَّاأَنْ قَالُوا അവർ പറഞ്ഞതല്ലാതെ, പറയലല്ലാതെ أَبَعَثَ അയച്ചു (നിയോഗിച്ചു-എഴുന്നേൽപിച്ചു)വോ اللَّهُ അല്ലാഹു بَشَرًا ഒരു മനുഷ്യനെ, മനുഷ്യനായി رَسُولًا റസൂലായി, റസൂലിനെ ﴾95﴿ قُلْ നീ പറയുക لَوْ كَانَ ഉണ്ടായിരുന്നെങ്കിൽ فِي الْأَرْضِ ഭൂമിയിൽ مَلَائِكَةٌ മലക്കുകൾ, വല്ല മലക്കുകളും يَمْشُونَ നടക്കുന്ന مُطْمَئِنِّينَ അടങ്ങിക്കൊണ്ട്, സമാധാനമടഞ്ഞവരായി لَنَزَّلْنَا നാം ഇറക്കുകതന്നെ ചെയ്തിരുന്നു عَلَيْهِمْ അവരിൽ, അവരുടെ മേൽ مِنَ السَّمَاءِ ആകാശത്തുനിന്ന് مَلَكًا മലക്കായിട്ട്, മലക്കിനെ رَسُولًا ഒരു റസൂലിനെ, റസൂലായി

അല്ലാഹു അയക്കുന്ന റസൂലുകൾ മലക്കുകളായിരിക്കേണ്ടതല്ലേ? എന്തുകൊണ്ട് മനുഷ്യനെ റസൂലായി അയക്കുന്നു? ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ ഞങ്ങൾ എങ്ങിനെ പിൻപറ്റും? എന്നൊക്കെ പൂർവകാലം മുതൽക്കേ അവിശ്വാസികൾ വാദിച്ചു

വന്നിരുന്നു. അതുപോലെ മക്കാ മുശ്‌രിക്കുകളും പറഞ്ഞുവന്നു. റസൂൽ തിരുമേനി(സ്വ)യിൽ വിശ്വസിക്കാത്തതിന് അതവർ ഒരു ന്യായമായി എടുത്തുകാണിക്കുകയും ചെയ്തു. ഒന്നാമത്തെ ആയത്തിൽ പ്രസ്തുത വാദവും, രണ്ടാമത്തെ ആയത്തിൽ അതിനുള്ള മറുപടിയുമാണ് കാണുന്നത്. മറുപടിയുടെ സാരം ഇതാണ്: ഭൂമിയിൽ സമാധാനപൂർവം അടങ്ങി ഒതുങ്ങിക്കഴിയുകയും മനുഷ്യരെപ്പോലെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന കുറേ മലക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ, ആകാശത്തുനിന്ന് ഒരു മലക്കിനെ അവർക്ക് റസൂലായി അയക്കുമായിരുന്നു. പക്ഷേ, ഭൂമിയിൽ അങ്ങിനെയുള്ള മലക്കുകൾ ഇല്ലല്ലോ. ഒരു കൂട്ടരിലേക്ക് റസൂലായി നിയോഗിക്കപ്പെടുന്ന ആൾ അവരുമായി ഇടപഴകുവാൻ പറ്റിയവരായിരിക്കേണ്ടതുണ്ട്. എന്നിരിക്കെ, ആത്മീയ ജീവികളും മനുഷ്യപ്രകൃതിയിൽ നിന്ന് വ്യത്യസ്തരുമായ മലക്കുകളെ മനുഷ്യരിലേക്ക് റസൂലായി അയച്ചിട്ട് എന്തുകാര്യം? അയച്ചാൽ തന്നെയും-സൂ:അൻആം: 9-ൽ അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ - ആ മലക്കിനെ അദ്ദേഹത്തിന്റെ രൂപത്തിലും സ്വഭാവത്തിലുമൊക്കെ മനുഷ്യനാക്കേണ്ടതായും വരും. അപ്പോഴും ഈ ആക്ഷേപവും സംശയം നിലനിൽക്കുമല്ലോ.

ഭൂമിയിൽ മലക്കുകൾ ഉണ്ടായിരുന്നുവെങ്കിൽ എന്ന് പറഞ്ഞു മതിയാക്കാതെ നടന്നുകൊണ്ടിരിക്കുന്നവർ (يَمْشُونَ) എന്നും. സമാധാനപ്പെട്ടു അടങ്ങിക്കൊണ്ടിരിക്കുന്നവർ (مُطْمَئِنِّينَ) എന്നും രണ്ട് ഉപാധികൾ കൂടി മലക്കുകളെപ്പറ്റി അല്ലാഹു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. ഭൂമിയിൽ ഓരോ ആവശ്യാർഥം മലക്കുകൾ വന്നും പോയുംകൊണ്ടിരിക്കുന്നുവെന്നും ഭൂമിയിലെ ചില കാര്യങ്ങളിൽ മലക്കുകളും ബന്ധപ്പെടാറുണ്ടെന്നും ക്വുർആൻ കൊണ്ടും, ഹദീഥുകൾ കൊണ്ടും സ്ഥാപിതമായതാണ്. എന്നാലും അക്കാരണംകൊണ്ട് മലക്കിനെ റസൂലായി അയക്കുന്നതിന് അർഥമില്ല. അവരും മനുഷ്യരെപ്പോലെ ഇവിടെ താമസിച്ചു കഴിഞ്ഞുകൂടുന്നുണ്ടെങ്കിലേ അതിന് അർഥമുള്ളൂ എന്നിങ്ങനെയുള്ള സൂചന അതിൽ കാണാം. മുശ്‌രിക്കുകൾക്ക് നൽകിയ ഈ മറുപടിയുടെ അർഥവ്യാഖ്യാനങ്ങളെ വളച്ചുതിരിച്ചുകൊണ്ട് 'ജിന്ന്' എന്നൊരു പ്രത്യേക വർഗമില്ലെന്നും, മനുഷ്യരിൽ തന്നെയുള്ള ചില വിഭാഗക്കാരാണ് ജിന്നുകളെന്നും വാദിക്കുന്ന ചില പുത്തൻ ആശയക്കാർ 95-ാം വചനം തങ്ങൾക്കൊരു തെളിവാക്കുവാൻ ഒരു പാഴ്ശ്രമം നടത്തിയിട്ടുണ്ട്. ഇതിനെപ്പറ്റി സൂറത്തുൽ ഹിജ്റിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ മുമ്പ് വിശദമായി സംസാരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ പ്രത്യേകമൊന്നും പ്രസ്താവിക്കുന്നില്ല.

قُلْ كَفَىٰ بِٱللَّهِ شَهِيدًۢا بَيْنِى وَبَيْنَكُمْ ۚ إِنَّهُۥ كَانَ بِعِبَادِهِۦ خَبِيرًۢا بَصِيرًا ﴿٩٦﴾

﴾96﴿ (നബിയേ) പറയുക: 'എന്റെയും നിങ്ങളുടെയും ഇടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി. നിശ്ചയമായും, അവൻ അവന്റെ അടിയാൻമാരെപ്പറ്റി സൂക്ഷ്മമായറിയുന്നവനും, കണ്ടറിയുന്നവനുമാകുന്നു.

وَمَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ

﴾97﴿ ഏതൊരുവനെ അല്ലാഹു സന്മാർഗത്തിലാക്കുന്നുവോ അവനത്രെ സൻമാർഗം പ്രാപിക്കുന്നവൻ.

وَمَن يُضْلِلْ فَلَن تَجِدَ لَهُمْ أَوْلِيَآءَ مِن دُونِهِۦ ۖ

അവൻ ഏതൊരുവനെ വഴിപിഴവിലാക്കുന്നുവോ, അവർക്ക് അവനെക്കൂടാതെ യാതൊരു മിത്രങ്ങളെ (അഥവാ രക്ഷാകർത്താക്കളെ) യും നീ കണ്ടെത്തുന്നതേ അല്ല.

وَنَحْشُرُهُمْ يَوْمَ ٱلْقِيَٰمَةِ عَلَىٰ وُجُوهِهِمْ عُمْيًا وَبُكْمًا وَصُمًّا ۖ

(മാത്രമല്ല) ഖിയാമത്ത്നാളിൽ അവരെ അവരുടെ മുഖങ്ങളിലായി [മുഖം കുത്തി]ക്കൊണ്ട് നാം ഒരുമിച്ചുകൂട്ടുകയും ചെയ്യും; അന്ധന്മാരും, ഊമകളും, ബധിരന്മാരുമായിക്കൊണ്ട്.

مَّأْوَىٰهُمْ جَهَنَّمُ ۖ كُلَّمَا خَبَتْ زِدْنَٰهُمْ سَعِيرًا ﴿٩٧﴾

അവരുടെ സങ്കേതസ്ഥാനം 'ജഹന്നം' [നരകം] ആകുന്നു. അത് (ജ്വാല) അടങ്ങുമ്പോഴെല്ലാം അവർക്ക് നാം ആളിക്കത്തൽ വർധിപ്പിക്കുന്നതാണ്.

﴾96﴿ قُلْ പറയുക كَفَىٰ മതി بِاللَّهِ അല്ലാഹു (തന്നെ) شَهِيدًا സാക്ഷിയായി بَيْنِي എന്റെ ഇടയിൽ وَبَيْنَكُمْ നിങ്ങളുടെ ഇടയിലും إِنَّهُ كَانَ നിശ്ചയമായും അവനാകുന്നു بِعِبَادِهِ അവന്റെ അടിയാൻമാരെപ്പറ്റി خَبِيرًا സൂക്ഷ്മമായി അറിയുന്നവൻ بَصِيرًا കണ്ടറിയുന്നവൻ ﴾97﴿ وَمَن ആർ, ഏതൊരുവൻ يَهْدِ اللَّهُ അല്ലാഹു നേർമാർഗത്തിലാക്കുന്നുവോ فَهُوَ എന്നാലവനത്രെ الْمُهْتَدِ നേർമാർഗം പ്രാപിച്ചവൻ وَمَن ഏതൊരുവൻ (ആർ) يُضْلِلْ അവൻ വഴിപിഴവിലാക്കുന്നുവോ فَلَن تَجِدَ എന്നാൽ നീ കണ്ടെത്തുകയില്ലതന്നെ (നിനക്ക് ലഭിക്കുകയേ ഇല്ല) لَهُمْ അവർക്ക് أَوْلِيَاءَ ബന്ധുക്കളെ, ഒരു രക്ഷാകർത്താക്കളെയും مِن دُونِهِ അവനു പുറമെ, അവനെ കൂടാതെ وَنَحْشُرُهُمْ അവരെ നാം ഒരുമിച്ചുകൂട്ടുകയും ചെയ്യും يَوْمَ الْقِيَامَةِ ഖിയാമത്തുനാളിൽ عَلَىٰ وُجُوهِهِمْ അവരുടെ മുഖങ്ങളിലായി عُمْيًا അന്ധന്മാരായി وَبُكْمًا ഊമകളായും وَصُمًّا ബധിരന്മാരായും مَأْوَاهُمْ അവരുടെ പ്രാപ്യ (സങ്കേത) സ്ഥാനം جَهَنَّمُ ജഹന്നമാകുന്നു كُلَّمَا خَبَتْ അത് അടങ്ങി (ഒതുങ്ങി) പ്പോകുമ്പോഴെല്ലാം زِدْنَاهُمْ അവർക്ക് നാം വർധിപ്പിക്കും سَعِيرًا ജ്വാല, ആളിക്കത്തൽ

അല്ലാഹു നേർമാർഗത്തിലാക്കുക എന്നും, അല്ലാഹു വഴിപിഴവിലാക്കുക എന്നും പറഞ്ഞതിന്റെ പൊരുൾ ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിച്ചുകഴിഞ്ഞതാകുന്നു. വേണ്ടപ്പെട്ട കാര്യങ്ങൾ കണ്ടും, കേട്ടും, മനസ്സിലാക്കുകയോ, പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യാതെ, സത്യത്തിനും സൻമാർഗത്തിനും കടകവിരുദ്ധമായിട്ടാണല്ലോ സത്യനിഷേധികൾ ഈ ലോകത്ത് കഴിച്ചുകൂട്ടിയിരുന്നത്. അതുകൊണ്ട് അതിന് തികച്ചും യോജിച്ച ശിക്ഷകൾ തന്നെ പരലോകത്തുവെച്ച് അവർ അനുഭവിക്കേണ്ടിവരുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

ഖിയാമത്തു നാളിൽ ഖബ്‌റുകളിൽ നിന്ന് മഹ്ശറിലേക്ക് സൃഷ്ടികൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ ആ കുറ്റവാളികളെ മുഖം കുത്തിക്കൊണ്ടായിരിക്കും ഒരുമിച്ചുകൂട്ടുക എന്നതാണ് ഇവിടെ അല്ലാഹു പറഞ്ഞത്. നരകത്തിൽ വെച്ചും മുഖംകുത്തിക്കൊണ്ടു തന്നെ അവർ വലിച്ചിഴക്കപ്പെടും (يُسْحَبُونَ فِي النَّارِ عَلَىٰ وُجُوهِهِمْ) എന്ന് സൂറത്തുൽ ഖമർ: 48 ലും അല്ലാഹു പറഞ്ഞിരിക്കുന്നു. 'മനുഷ്യർ എങ്ങിനെയാണ് അവരുടെ മുഖങ്ങളിൽ (മുഖം കുത്തിക്കൊണ്ട്) ഒരുമിച്ചുകൂട്ടപ്പെടുക?' എന്ന് ചോദിക്കപ്പെട്ടപ്പോൾ നബിﷺ ഇപ്രകാരം ഉത്തരം പറഞ്ഞതായി അനസ് (റ) ഉദ്ധരിച്ചിരിക്കുന്നു: 'അവരെ അവരുടെ കാലുകളിൽ നടത്തിയവൻ, അവരെ അവരുടെ മുഖങ്ങളിൽ നടത്തുവാനും നിശ്ചയമായും കഴിവുള്ളവനാകുന്നു.' (അ;ബു;മു.) അബൂഹുറയ്‌റഃ (റ) വഴി ഉദ്ധരിക്കപ്പെട്ട ഒരു നബിവചനം ഇങ്ങനെയാകുന്നു: 'ഖിയാമത്തു നാളിൽ മനുഷ്യർ മൂന്നു തരക്കാരായി ഒരുമിച്ചുകൂട്ടപ്പെടും. ഒരു തരക്കാർ കാൽനടക്കാർ, ഒരുതരക്കാർ വാഹനക്കാർ, ഒരുതരക്കാർ തങ്ങളുടെ മുഖങ്ങളിലായി'. (ദാ;തി;ബ; ഇബ്നുജരീർ). ഇത്രയും കടുത്ത ശിക്ഷകൾക്ക് അവർ പാത്രമാകുവാൻ കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

ذَٰلِكَ جَزَآؤُهُم بِأَنَّهُمْ كَفَرُوا۟ بِـَٔايَـٰتِنَا وَقَالُوٓا۟ أَءِذَا كُنَّا عِظَـٰمًا وَرُفَـٰتًا أَءِنَّا لَمَبْعُوثُونَ خَلْقًا جَدِيدًا ﴿٩٨﴾

﴾98﴿ അത് അവരുടെ പ്രതിഫലമത്രെ; നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളിൽ അവർ അവിശ്വസിക്കുകയും, അവർ (ഇങ്ങിനെ) പറയുകയും, ചെയ്തത് നിമിത്തം: 'നാം എല്ലുകളും തുരുമ്പുമായിരുന്നാലുമോ? നിശ്ചയമായും, നാം ഒരു പുതിയ സൃഷ്ടിയായി എഴുന്നേൽപിക്കപ്പെടുന്നവരാണോ!'? എന്ന്.

۞ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ قَادِرٌ عَلَىٰٓ أَن يَخْلُقَ مِثْلَهُمْ وَجَعَلَ لَهُمْ أَجَلًا لَّا رَيْبَ فِيهِ

﴾99﴿ അവർക്ക് കണ്ടുകൂടേ?- ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചവൻ, അവരെപ്പോലെയുള്ളവരെ സൃഷ്ടിക്കുവാൻ കഴിവുള്ളവനാണെന്ന്!- അവർക്ക് അവൻ ഒരു അവധി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു-അതിൽ സന്ദേഹമേ ഇല്ല.

فَأَبَى ٱلظَّـٰلِمُونَ إِلَّا كُفُورًا ﴿٩٩﴾

എന്നാൽ (ഈ) അക്രമികൾ നന്ദികേട് കാണി(ച്ചു നിഷേധി)ക്കുന്നതിനല്ലാതെ വിസമ്മതിച്ചിരിക്കുകയാണ്.

﴾98﴿ ذَٰلِكَ അത് جَزَاؤُهُمْ അവരുടെ പ്രതിഫലമാണ് بِأَنَّهُمْ അവർ (ആകുന്നു) എന്നുള്ളത് നിമിത്തം كَفَرُوا അവർ അവിശ്വസിച്ചിരിക്കുന്നു (എന്നുള്ളത്) بِآيَاتِنَا നമ്മുടെ ആയത്തു (ദൃഷ്ടാന്തം-ലക്ഷ്യം-സൂക്തം) കളിൽ وَقَالُوا അവർ പറയുകയും ചെയ്തു

(വെന്നതും) أَءِذَا كُنَّا നാം ആയാലോ, ആയിട്ടാണോ عِظَامًا എല്ലുകൾ وَ رُفَاتًا തുരുമ്പും, നുരുമ്പും أَءِنَّا നിശ്ചയമായും നാമോ لَمَبْعُوثُونَ എഴുന്നേൽപിക്കപ്പെടുന്നവർ (ആകുന്നത്) خَلْقًا ഒരു സൃഷ്ടിയായി جَدِيدًا പുതിയ ﴾99﴿ أَوَلَمْ يَرَوْا അവർ കണ്ടില്ലേ, അവർക്ക് കണ്ടുകൂടേ أَنَّ اللَّهَ അല്ലാഹു (ആകുന്നു) വെന്ന് الَّذِي خَلَقَ സൃഷ്ടിച്ചവനായ السَّمَاوَاتِ ആകാശങ്ങളെ وَ الْأَرْضَ ഭൂമിയെയും قَادِرٌ കഴിവുള്ളവനാണ് (എന്ന്) عَلَىٰ أَنْ يَخْلُقَ സൃഷ്ടിക്കുവാൻ مِثْلَهُمْ അവരെപ്പോലെ (യുള്ളവരെ) وَجَعَلَ അവൻ ആക്കുകയും ചെയ്തിരിക്കുന്നു لَهُمْ അവർക്ക് أَجَلًا ഒരവധി لَا رَيْبَ സന്ദേഹമേ ഇല്ല, സംശയമില്ലാത്ത فِيهِ അതിൽ فَأَبَىٰ എന്നാൽ വിസമ്മതിച്ചു الظَّالِمُونَ അക്രമികൾ إِلَّا كُفُورًا നന്ദികേടിനല്ലാതെ

സൂറഃ മുഅ്മിനിൽ അല്ലാഹു പറയുന്നു: 'ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കൽ മനുഷ്യരെ സൃഷ്ടിക്കുന്നതിനെക്കാൾ വലിയ കാര്യംതന്നെ.' (40:57) സൂറഃ അഹ്ക്വാഫിൽ പറയുന്നു: 'അവർക്ക് കണ്ടുകൂടേ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും, അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്തവനായ അല്ലാഹു, മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിയുന്നവൻ തന്നെയാണെന്ന്?!' (46:33) അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ചെറുതും വലുതുമെന്നോ, ഒന്നാമത്തെ സൃഷ്ടിപ്പും രണ്ടാമത്തെ സൃഷ്ടിപ്പുമെന്നോ വ്യത്യാസമില്ല. എല്ലാം അവന് ഒരുപോലെ തന്നെ. എങ്കിലും ഇവരെ സംബന്ധിച്ചിടത്തോളം, ആകാശ ഭൂമികളെ സൃഷ്ടിച്ചുണ്ടാക്കിയവന്ന് ഇവരെ പോലുള്ളവരെ സൃഷ്ടിക്കുവാനും, ശൂന്യതയിൽനിന്ന് ആദ്യമായി സൃഷ്ടിച്ചുണ്ടാക്കിയവന് രണ്ടാമത് ആവർത്തിച്ചുണ്ടാക്കുവാനും കൂടുതൽ എളുപ്പമായിരിക്കുമെന്ന് മനസ്സിലാക്കാമല്ലോ. പക്ഷേ, അതിന് ഒരു അവധി അവൻ വെച്ചിട്ടുണ്ട്. ആ അവധിയെക്കുറിച്ച് യാതൊരു സന്ദേഹത്തിനും അവകാശമില്ല. അത് വരുമ്പോഴേ രണ്ടാമത്തെ സൃഷ്ടിക്കൽ ഉണ്ടാകൂ എന്നു മാത്രം.

قُل لَّوْ أَنتُمْ تَمْلِكُونَ خَزَآئِنَ رَحْمَةِ رَبِّىٓ إِذًا لَّأَمْسَكْتُمْ خَشْيَةَ ٱلْإِنفَاقِ ۚ وَكَانَ ٱلْإِنسَٰنُ قَتُورًا ﴿١٠٠﴾

﴾100﴿ (നബിയേ) പറയുക: 'നിങ്ങൾ എന്റെ റബ്ബിന്റെ കാരുണ്യത്തിന്റെ ഖജനാക്കളെ അധീനമാക്കിയിരുന്നാൽ പോലും എന്നാൽ- ചിലവഴിക്കുന്നതിന് ഭയപ്പെട്ടു നിങ്ങൾ പിടിച്ചുവെക്കുക തന്നെ ചെയ്യുമായിരുന്നു.' മനുഷ്യൻ വളരെ പിശുക്കനാകുന്നു.

﴾100﴿ قُلْ നീ പറയുക لَوْ أَنْتُمْ നിങ്ങൾ ആയിരുന്നെങ്കിൽ تَمْلِكُونَ നിങ്ങൾ ഉടമയാക്കിയിരുന്നു, അധീനമാക്കിയിരുന്നു (വെങ്കിൽ) خَزَائِنَ ഖജനാക്കളെ, നിക്ഷേപങ്ങളെ, ഭണ്ഡാരങ്ങളെ رَحْمَةِ കാരുണ്യ (അനുഗ്രഹ) ത്തിന്റെ رَبِّي എന്റെ റബ്ബിന്റെ إِذًا എന്നാൽ, അന്നേരം لَأَمْسَكْتُمْ നിങ്ങൾ പിടിച്ചുവെക്കുക തന്നെ ചെയ്യും خَشْيَةَ ഭയന്നിട്ട്, ഭയത്താൽ الْإِنْفَاقِ ചിലവഴിക്കൽ, ചിലവാക്കുന്നതിനെ وَ كَانَ ആകുന്നു الْإِنْسَانُ മനുഷ്യൻ قَتُورًا (വളരെ) പിശുക്കൻ, ഇറുക്കിപ്പിടിക്കുന്നവൻ

സജ്ജന ദുർജന വ്യത്യാസം കൂടാതെ, കുറഞ്ഞുപോകുമെന്നോ തീർന്നുപോകുമെന്നോ ഭയപ്പെടാതെ, അല്ലാഹു അവന്റെ കണക്കറ്റ അനുഗ്രഹങ്ങളെ എല്ലാവർക്കും നൽകിക്കൊണ്ടിരിക്കുന്നു. അവന്റെ അനുഗ്രഹങ്ങളുടെ നിക്ഷേപ ഭണ്ഡാരങ്ങളത്രയും നിങ്ങളുടെ അധീനത്തിലായിരുന്നുവെങ്കിൽപോലും അവ തീർന്നുപോകുമെന്ന് ഭയപ്പെട്ടു അവയിൽനിന്ന് ചിലവഴിക്കുവാൻ നിങ്ങൾ മടിക്കുക തന്നെ ചെയ്തേക്കും. കാരണം, മനുഷ്യൻ സ്വതവേ മഹാപിശുക്കനാകുന്നു. ഒരു ഹദീഥിൽ നബിﷺ പറയുന്നു: 'അല്ലാഹുവിന്റെ കൈ ഏറ്റവും നിറഞ്ഞതാകുന്നു. യാതൊരു ചിലവും അതിൽ കുറവ് വരുത്തുകയില്ല. രാവും പകലും ഒഴുകിക്കൊണ്ടിരിക്കുന്നതാണ്. അവൻ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത് മുതൽ അവൻ ചിലവഴിച്ചത് നിങ്ങൾ കണ്ടോ?! എന്നിട്ട് അവന്റെ വലങ്കൈയിലുള്ളത് നിശ്ചയമായും, ചുരുങ്ങിപ്പോയിട്ടില്ല.' (ബു.മു.)

വിഭാഗം - 12

وَلَقَدْ ءَاتَيْنَا مُوسَىٰ تِسْعَ ءَايَٰتٍۭ بَيِّنَٰتٍ ۖ فَسْـَٔلْ بَنِىٓ إِسْرَٰٓءِيلَ إِذْ جَآءَهُمْ

﴾101﴿ തീർച്ചയായും, മൂസാക്ക് വ്യക്തങ്ങളായ ഒമ്പത് ദൃഷ്ടാന്തങ്ങളെ നാം നൽകുകയുണ്ടായി. എന്നാൽ, ഇസ്റാഈൽ സന്തതികളോട് അദ്ദേഹം അവരിൽ ചെന്ന സന്ദർഭത്തെക്കുറിച്ച് നീ ചോദി (ച്ചു നോ) ക്കുക.

فَقَالَ لَهُۥ فِرْعَوْنُ إِنِّى لَأَظُنُّكَ يَٰمُوسَىٰ مَسْحُورًا ﴿١٠١﴾

(അതെ) അപ്പോൾ, ഫിർഔൻ അദ്ദേഹത്തോട് പറഞ്ഞു: 'നിശ്ചയമായും, നിന്നെ ഞാൻ- മൂസാ-മാരണം പിണഞ്ഞ ഒരുവനാണെന്ന് വിചാരിക്കുന്നു.'

﴾101﴿ وَلَقَدْ آتَيْنَا തീർച്ചയായും നാം നൽകിയിട്ടുണ്ട് مُوسَى മൂസാക്ക് تِسْعَ ഒമ്പത് آيَاتٍ ദൃഷ്ടാന്തങ്ങൾ بَيِّنَاتٍ സുവ്യക്തങ്ങളായ, സ്പഷ്ടങ്ങളായ فَاسْأَلْ എന്നാൽ ചോദിക്കുക (അന്വേഷിക്കുക) بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളോട് إِذْ جَاءَهُمْ അദ്ദേഹം അവരിൽ ചെന്ന സന്ദർഭത്തെ فَقَالَ لَهُ അപ്പോൾ അദ്ദേഹത്തോട് പറഞ്ഞു فِرْعَوْنُ ഫിർഔൻ إِنِّي لَأَظُنُّكَ നിശ്ചയമായും ഞാൻ നിന്നെ കരുതുന്നു, വിചാരിക്കുന്നു يَا مُوسَى മൂസാ مَسْحُورًا ഒരു മാരണം ചെയ്യപ്പെട്ട (പിടിപെട്ടവനെന്ന്)

നബി തിരുമേനിﷺയോട് മുശ്രിക്കുകൾ, തങ്ങളാൽ കെട്ടിച്ചമക്കപ്പെട്ട ദൃഷ്ടാന്തങ്ങളിൽ ഏതെങ്കിലും കാട്ടിക്കൊടുക്കുവാൻ ആവശ്യപ്പെടുകയുണ്ടായ വിവരം കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ, മൂസാ നബി (അ) സ്പഷ്ടമായ ഒമ്പത് പ്രധാന ദൃഷ്ടാന്തങ്ങൾ സഹിതം ഫിർഔന്റെയും ജനതയുടെയും അടുക്കൽ ചെല്ലുകയുണ്ടായിട്ടും അവർ വിശ്വസിച്ചില്ല. അനന്തരമുണ്ടായ ചരിത്രങ്ങൾ നിലവിലുള്ള ഇസ്റാഈല്യർക്കും അറിയാവുന്നതാണ്. വേണമെങ്കിൽ അവരോട് അന്വേഷിച്ചു നോക്കാവു

ന്നതുമാണ്. ആ ദൃഷ്ടാന്തങ്ങളൊക്കെ നേരിൽ കണ്ടിട്ടും ഫിർഔൻ മൂസാ (അ) നെക്കുറിച്ച് പറഞ്ഞത് നീ മാരണത്തിൽ അകപ്പെട്ടുപോയിരിക്കയാണ്-നിന്റെ ബുദ്ധിക്ക് എന്തോ തകരാറ് പറ്റിയിരിക്കുന്നു- എന്നായിരുന്നു. ഇവർക്കും അത്തരം ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുത്താൽ ഉണ്ടാവാൻ പോകുന്നത് അതുപോലെത്തന്നെയായിരിക്കും. സദുദ്ദേശ്യത്തോടുകൂടിയല്ല അവർ ദൃഷ്ടാന്തങ്ങൾക്കാവശ്യപ്പെടുന്നത്. എന്നൊക്കെയാണ് ഈ വചനത്തിലടങ്ങിയ ആശയം.

മൂസാ നബി(അ)യുടെ കൈക്ക് ഈജിപ്തിൽ വെച്ചും, പിന്നീടുമായി വെളിപ്പെട്ട അത്ഭുത ദൃഷ്ടാന്തങ്ങൾ ക്വുർആനിൽ പലതും വിവരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏതിനെയൊക്കെ ഉദ്ദേശിച്ചാണ് تِسۡعَ آيَاتٍ(ഒമ്പത് ദൃഷ്ടാന്തങ്ങൾ) എന്ന് പറഞ്ഞിരിക്കുന്നതെന്ന് തിട്ടമായി എണ്ണിപ്പറയുക സാധ്യമല്ല. പക്ഷേ, ഫിർഔനും കൂട്ടരും സമുദ്രത്തിൽ മുങ്ങിനശിക്കുന്നതിന് മുമ്പുണ്ടായ ഒമ്പതെണ്ണമാണ് ഇവിടെ ഉദ്ദേശ്യമെന്ന് വ്യക്തമാകുന്നു. ഈ ഒമ്പതെണ്ണം നിജപ്പെടുത്തുന്നതിൽ അഭിപ്രായ വ്യത്യാസം കാണാമെങ്കിലും, കൂടുതൽ ബലപ്പെട്ടതും, ക്വുർആന്റെ പ്രസ്താവനകളോട് കൂടുതൽ യോജിക്കുന്നതും ഇവയാണെന്നാകുന്നു: 1 ഉം, 2 ഉം അദ്ദേഹത്തിന്റെ വടിയും, കൈയും തന്നെ. ഈ രണ്ടിനെയും കുറിച്ച് പ്രസ്താവിച്ചശേഷം അവയെപ്പറ്റി فِي تِسۡعِ آيَاتٍ إِلَىٰ فِرۡعَوۡنَ وَقَوۡمِهِۦٓ (ഫിർഔന്റെയും അവന്റെ ജനതയുടെയും അടുക്കലേക്കുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.) എന്ന് സൂറഃ നംല്. 12-ൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. 3 മുതൽ 9 കൂടിയവ സൂ: അഅ്റാഫ്: 130, 133 ൽ പ്രസ്താവിക്കപ്പെട്ട ഏഴ് ദൃഷ്ടാന്തങ്ങളാണ്. അതായത് മഴ ഇല്ലായ്മ മൂലമുണ്ടായ വരൾച്ച, ഉൽപന്നങ്ങളുടെ ദൗർലഭ്യം, ജലപ്രളയം, വെട്ടുകിളി, പേൻ, തവള, രക്തം എന്നിവ. ഇവയെപ്പറ്റി വിവരിച്ചതിന്ശേഷം അവയെപ്പറ്റി ايات مفصلات (വിശദമാക്കപ്പെട്ട ദൃഷ്ടാന്തങ്ങൾ) എന്നും അവിടെ അല്ലാഹു പറഞ്ഞിരിക്കുന്നു.

സ്പഷ്ടങ്ങളായ ആ ദൃഷ്ടാന്തങ്ങളെല്ലാം നേരിൽ കണ്ടറിഞ്ഞിട്ടും ഫിർഔനിൽ നിന്നുണ്ടായ പ്രതികരണം 'മൂസാ, നീ ഒരു മാരണം പിടിപെട്ട ആളായിട്ടാണ് ഞാൻ നിന്നെ കരുതുന്നത്' (.........إِنِّي لَأَظُنُّكَ) എന്നായിരുന്നു. അതിന് മൂസാ നബി (അ) പറഞ്ഞ മറുപടി നോക്കുക:

قَالَ لَقَدۡ عَلِمۡتَ مَآ أَنزَلَ هَٰٓؤُلَآءِ إِلَّا رَبُّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ بَصَآئِرَ

《102》 അദ്ദേഹം പറഞ്ഞു: '(ഫിർഔനേ) തീർച്ചയായും, നീ അറി(ഞ്ഞുകഴി) ഞ്ഞിട്ടുണ്ട്: ഉൾക്കാഴ്ച (നൽകുന്ന തെളിവു) കളായിക്കൊണ്ട് ആകാശങ്ങളുടെയും, ഭൂമിയുടെയും റബ്ബല്ലാതെ (മറ്റാരും) ഇവയെ ഇറക്കിയിട്ടില്ല എന്ന്.

وَإِنِّي لَأَظُنُّكَ يَٰفِرۡعَوۡنُ مَثۡبُورًا ١٠٢

നിശ്ചയമായും ഞാൻ ഫിർഔനേ-നിന്നെ ഒരു നാശം പിണഞ്ഞവനായി വിചാരിക്കുക തന്നെ ചെയ്യുന്നു.

﴾102﴿ قَالَ അദ്ദേഹം പറഞ്ഞു لَقَدْ عَلِمْتَ തീർച്ചയായും നീ അറിഞ്ഞിട്ടുണ്ട് مَا أَنزَلَ ഇറക്കിയിട്ടില്ല എന്ന് هَٰؤُلَاءِ ഇവയെ إِلَّا رَبُّ റബ്ബല്ലാതെ السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും بَصَائِرَ ഉൾക്കാഴ്ച നൽകുന്നവയായി, തെളിവുകളായിട്ട് وَإِنِّي നിശ്ചയമായും ഞാൻ, ഞാനാവട്ടെ لَأَظُنُّكَ നിന്നെ ഞാൻ കരുതുക തന്നെ ചെയ്യുന്നു يَا فِرْعَوْنُ ഫിർഔനേ مَثْبُورًا ആട്ടിവിടപ്പെട്ടവൻ, നാശം പിണഞ്ഞവൻ

ഈ ദൃഷ്ടാന്തങ്ങളെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന സത്യം നിനക്ക് തികച്ചും ബോധ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ടെന്ന് ഉറപ്പാണ്. എന്നിട്ടും, കൽപിച്ചുകൂട്ടി നീ നിഷേധത്തിൽ ശഠിച്ചുനിൽക്കുന്നത് നിന്റെ ഔദ്ധത്യം കൊണ്ട് മാത്രമാണ്. അതുകൊണ്ട് നാശത്തിലേക്കാണ് നിന്റെ നീക്കം എന്ന് ഞാനിതാ നിന്നെ താക്കീത് ചെയ്യുന്നു എന്ന് താൽപര്യം.

فَأَرَادَ أَن يَسْتَفِزَّهُم مِّنَ ٱلْأَرْضِ فَأَغْرَقْنَٰهُ وَمَن مَّعَهُۥ جَمِيعًا ﴿١٠٣﴾

﴾103﴿ എന്നാൽ, അവൻ [ഫിർഔൻ] അവരെ [ഇസ്റാഈല്യരെ] ഭൂമിയിൽ [നാട്ടിൽ] നിന്നു മിരട്ടിവിടുവാൻ ഉദ്ദേശിക്കയാണ് ചെയ്തത്; ആകയാൽ, അവനെയും, അവന്റെ കൂടെയുള്ളവരെയും മുഴുവനും നാം മുക്കി നശിപ്പിച്ചു.

وَقُلْنَا مِنۢ بَعْدِهِۦ لِبَنِىٓ إِسْرَٰٓءِيلَ ٱسْكُنُوا۟ ٱلْأَرْضَ فَإِذَا جَآءَ وَعْدُ ٱلْـَٔاخِرَةِ جِئْنَا بِكُمْ لَفِيفًا ﴿١٠٤﴾

﴾104﴿ അവന്റെ (നാശത്തിനു) ശേഷം ഇസ്റാഈൽ സന്തതികളോട് നാം പറയുകയും ചെയ്തു: 'നിങ്ങൾ ഭൂമിയിൽ [നാട്ടിൽ] താമസിച്ചുകൊള്ളുവിൻ; അങ്ങനെ, പരലോകത്തിന്റെ വാഗ്ദത്തം (അഥവാ നിശ്ചയം) വന്നാൽ, നിങ്ങളെ നാം കൂട്ടമായി (ഒരുമിച്ചു) കൊണ്ടുവരുന്നതാണ്.'

﴾103﴿ فَأَرَادَ എന്നാൽ അവൻ ഉദ്ദേശിച്ചു أَنْ يَسْتَفِزَّهُمْ അവരെ ഇളക്കി (മിരട്ടി) വിടുവാൻ مِنَ الْأَرْضِ ഭൂമിയിൽ (നാട്ടിൽ) നിന്ന് فَأَغْرَقْنَاهُ അപ്പോൾ (അതിനാൽ) അവനെ നാം മുക്കി (നശിപ്പിച്ചു) وَمَنْ مَعَهُ അവന്റെ കൂടെയുള്ളവരെയും جَمِيعًا മുഴുവനും ﴾104﴿ وَقُلْنَا നാം പറയുകയും ചെയ്തു مِنْ بَعْدِهِ അവന്റെ ശേഷം لِبَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളോട് اسْكُنُوا നിങ്ങൾ പാർത്തു (താമസിച്ചു) കൊള്ളുവിൻ الْأَرْضَ ഭൂമിയിൽ (നാട്ടിൽ) فَإِذَا جَاءَ അങ്ങനെ (എന്നിട്ട്-എന്നാൽ) വന്നാൽ وَعْدُ വാഗ്ദത്തം, നിശ്ചയം الْآخِرَةِ പരലോകത്തിന്റെ جِئْنَا നാം വരുന്നതാണ് بِكُمْ നിങ്ങളെ കൊണ്ട് لَفِيفًا കൂട്ടമായിട്ട്, ഒരുമിച്ചു കൂടിയതായി

മർദ്ദിച്ചും കൊന്നൊടുക്കിയും ഇസ്റാഈല്യരെ ആ നാട്ടിൽനിന്ന് തുരത്താനാണ് ഫിർഔൻ ഉദ്ദേശിച്ചത്. നാം നേരെ മറിച്ചും പ്രവർത്തിച്ചു. അവനെയും അവന്റെ ആൾക്കാരെയും സമുദ്രത്തിൽ മുക്കിനശിപ്പിച്ചു. ഇസ്റാഈല്യരെ പരിശുദ്ധ ഭൂമിയായ ഫലസ്തീനിൽ (*) കുടിയിരുത്തി സുഖമായി കഴിയുവാൻ ഏർപ്പാടും ചെയ്തു. ക്വിയാമത്തു നാൾ വന്നാൽ, നിങ്ങളും നിങ്ങളുടെ ശത്രുക്കളുമടക്കം എല്ലാവരെയും ഒരുമിച്ചുകൂട്ടുകയും, തക്ക നടപടി എടുക്കുകയും ചെയ്യുമെന്ന് അവരെ തെര്യപ്പെടുത്തുകയും ചെയ്തു എന്ന് സാരം.

ഈ സംഭവം ഓർമിപ്പിച്ചതിൽ, നബിﷺക്കും സത്യവിശ്വാസികൾക്കും ശുഭസൂചകമായ ഒരു ഭാവിയുടെ സൂചന അടങ്ങിയിരിക്കുന്നു. ഇസ്റാഈല്യരെ മർദ്ദിച്ചു തുരത്തുവാൻ ഉദ്ദേശിച്ച ഫിർഔനെയും കൂട്ടരെയും നശിപ്പിക്കുകയും, മർദ്ദനത്തിന് വിധേയരായവർക്ക് സ്വൈരജീവിതവും സ്വാധീനവും നൽകി അനുഗ്രഹിക്കുകയും ചെയ്തതുപോലെ, മക്കയിലെ മുശ്‌രിക്കുകളുടെ മർദ്ദനങ്ങൾ അവസാനിപ്പിച്ചു സത്യവിശ്വാസികൾക്ക് നല്ലൊരു ഭാവി താമസിയാതെ പ്രദാനം ചെയ്യുമെന്നത്രെ സൂചന. ഈ സൂറത്ത് അവതരിച്ച് അധികം താമസിയാതെ, നബിﷺയെയും സത്യവിശ്വാസികളെയും മക്കയിൽനിന്ന് തുരത്തിവിടുവാൻ ശത്രുക്കൾ വട്ടം കൂട്ടിയപ്പോൾ, അവർക്ക് മദീനയിൽ അല്ലാഹു അഭയം നൽകുകയും, പിന്നീട് നാട്ടിൽ- മക്കയിൽ തന്നെയും-സ്വൈരവും സ്വാധീനവും നൽകുകയും ഉണ്ടായല്ലോ.

وَبِٱلْحَقِّ أَنزَلْنَٰهُ وَبِٱلْحَقِّ نَزَلَ ۗ وَمَآ أَرْسَلْنَٰكَ إِلَّا مُبَشِّرًا وَنَذِيرًا ﴿١٠٥﴾

﴿105﴾ യഥാർഥമനുസരിച്ച് തന്നെ നാം ഇതിനെ [ക്വുർആനെ] അവതരിപ്പിച്ചിരിക്കുന്നു; യഥാർഥപ്രകാരം തന്നെ ഇത് അവതരിക്കുകയും ചെയ്തിരിക്കുന്നു. (നബിയേ) സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടുമില്ല.

وَقُرْءَانًا فَرَقْنَٰهُ لِتَقْرَأَهُۥ عَلَى ٱلنَّاسِ عَلَىٰ مُكْثٍ وَنَزَّلْنَٰهُ تَنزِيلًا ﴿١٠٦﴾

﴿106﴾ ക്വുർആനെയാകട്ടെ, നാം അതിനെ വേർതിരി (ച്ചു വിശദീകരി)ക്കുകയും ചെയ്തിരിക്കുന്നു; അതിനെ നീ മനുഷ്യർക്ക് താമസത്തോടെ [സാവധാനത്തിൽ] ഓതിക്കൊടുക്കുവാൻ വേണ്ടി. അതിനെ നാം ഒരു (ക്രമേണയായ) ഇറക്കൽ ഇറക്കുകയും ചെയ്തിരിക്കുന്നു.

(*) ഇസ്റാഈല്യർ, ഫിർഔനിനെ സമുദ്രത്തിൽ മുക്കിയശേഷം ഈജിപ്തിൽ താമസിച്ചതായി അറിയപ്പെടുന്നില്ല.

﴾105﴿ وَبِٱلْحَقِّ യഥാർഥ പ്രകാരം (യഥാർത്ഥത്തോടെ) തന്നെ أَنزَلْنَٰهُ നാം ഇതിനെ (അതിനെ) അവതരിപ്പിച്ചിരിക്കുന്നു وَبِٱلْحَقِّ യഥാർഥ പ്രകാരം (അനുസരിച്ചു) തന്ന نَزَلَ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു وَمَآ أَرْسَلْنَٰكَ നിന്നെ നാം അയച്ചിട്ടുമില്ല إِلَّا مُبَشِّرًا സന്തോഷവാർത്ത അറിയിക്കുന്നവനായിട്ടല്ലാതെ وَنَذِيرًا താക്കീത് (മുന്നറിയിപ്പു) കാരനും ﴾106﴿ وَقُرْءَانًا ക്വുർആനെ, ക്വുർആനെയാകട്ടെ فَرَقْنَٰهُ അതിനെ നാം വേർതിരിച്ചിരിക്കുന്നു. വിവേചി (ച്ചു വിവരി) ച്ചിരിക്കുന്നു لِتَقْرَأَهُۥ അതിനെ നീ ഓതുവാൻ വേണ്ടി عَلَى ٱلنَّاسِ മനുഷ്യർക്ക്, മനുഷ്യരിൽ عَلَىٰ مُكْثٍ താമസത്തോടെ, സാവധാനത്തിൽ وَنَزَّلْنَٰهُ അതിനെ നാം ഇറക്കുകയും ചെയ്തിരിക്കുന്നു تَنزِيلًا ഒരു (തരം) ഇറക്കൽ

فَرَقْنَا (ഫറക്വ്നാ) എന്നും فَرَّقْنَا (ഫർറക്വ്നാ) എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തേതനുസരിച്ച് ക്വുർആനിൽ വേണ്ടപ്പെട്ട എല്ലാ കാര്യങ്ങളും നാം വേർതിരിച്ചു വിശദീകരിച്ചിരിക്കുന്നുവെന്നും, രണ്ടാമത്തേതനുസരിച്ച് ക്വുർആനെ പല ഗഡുക്കളായി പിരിച്ചിരിക്കുന്നു- അഥവാ, കുറേശ്ശെ കുറേശ്ശെയായി അവതരിപ്പിച്ചിരിക്കുന്നു-വെന്നും അർഥമായിരിക്കുന്നതാണ്.

ക്വുർആനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കെ, ബന്ധപ്പെട്ട പല കാര്യങ്ങളെപ്പറ്റിയും പരാമർശിക്കുകയുണ്ടായി. വീണ്ടും ക്വുർആനിലേക്കുതന്നെ സംസാരഗതി തിരിഞ്ഞുവന്നിരിക്കുകയാണ്. ക്വുർആനെ അല്ലാഹു അവതരിപ്പിച്ചതും, അത് അവതരിച്ചതും യഥാർഥ പ്രകാരം തന്നെ. അതായത് സത്യയാഥാർഥ്യങ്ങൾ, ന്യായയുക്തങ്ങളായ തെളിവുകൾ, സുസ്ഥിരങ്ങളായ സനാതന തത്വങ്ങൾ എന്നിങ്ങിനെ ആവശ്യമായതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് അല്ലാഹു ക്വുർആനെ അവതരിപ്പിച്ചിരിക്കുന്നത്. യാതൊരു കൃത്രിമമോ, ഏറ്റക്കുറവോ കൂടാതെ യഥാർഥ രൂപത്തിൽ സുരക്ഷിതമായിത്തന്നെ അത് നബി ﷺ യിലേക്ക് അവതരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, അത് ആരെയും അടിച്ചേൽപിക്കുവാൻ നബി ﷺ യോട് കൽപിക്കപ്പെട്ടിട്ടില്ല. അതിന്റെ സന്ദേശങ്ങൾ കേൾപ്പിക്കുക, അതനുസരിക്കുന്നവർക്കുണ്ടാകുന്ന സൽഫലങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക, ധിക്കരിക്കുന്നവർക്കുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി താക്കീത് നൽകുക, ഇതു മാത്രമേ നബി ﷺ യോട് കൽപിച്ചിട്ടുള്ളൂ. ഓരോ കാര്യവും സവിശദം വേർതിരിച്ചു വിവരിച്ചുകൊണ്ടാണ് അതുള്ളത്. സന്ദർഭവും, ആവശ്യവും അനുസരിച്ച് ജനങ്ങളെ ഓതിക്കേൾപ്പിക്കുവാൻ വേണ്ടി കുറേശ്ശെ കുറേശ്ശെ പല ഗഡുക്കളായിട്ടാണ് അതിനെ അവതരിപ്പിച്ചിരിക്കുന്നതും എന്നൊക്കെയാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ സാരം.

قُلْ ءَامِنُوا۟ بِهِۦٓ أَوْ لَا تُؤْمِنُوٓا۟ ۚ إِنَّ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ مِن قَبْلِهِۦٓ إِذَا

﴾107﴿ (നബിയേ) പറയുക: 'നിങ്ങൾ ഇതിൽ വിശ്വസിച്ചുകൊള്ളുക, അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക! [രണ്ടായാലും ക്വുർആനെ സംബന്ധിച്ചിടത്തോളം ഒരുപോലെയാണ്.] നിശ്ചയമായും, ഇതിനുമുമ്പ് അറിവ് നൽകപ്പെട്ടിട്ടുള്ളവർ,

يُتْلَىٰ عَلَيْهِمْ يَخِرُّونَ لِلْأَذْقَانِ سُجَّدًا ﴿١٠٧﴾

അവർക്കത് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവർ താടികുത്തി 'സുജൂദ്' [സാഷ്ടാംഗ നമസ്കാരം] ചെയ്തുകൊണ്ട് നിലംപതിക്കുന്നതാണ്.

وَيَقُولُونَ سُبْحَٰنَ رَبِّنَآ إِن كَانَ وَعْدُ رَبِّنَا لَمَفْعُولًا ﴿١٠٨﴾

《108》 അവർ പറയുകയും ചെയ്യും: 'ഞങ്ങളുടെ റബ്ബ് മഹാ പരിശുദ്ധൻ! [അവനെ ഞങ്ങൾ വാഴ്ത്തുന്നു.] നിശ്ചയമായും, ഞങ്ങളുടെ റബ്ബിന്റെ വാഗ്ദാനം പ്രവർത്തനത്തിൽ വരുത്തപ്പെടുന്നത് തന്നെയാകുന്നു.'

سجود

وَيَخِرُّونَ لِلْأَذْقَانِ يَبْكُونَ وَيَزِيدُهُمْ خُشُوعًا ۩ ﴿١٠٩﴾

《109》 അവർ കരഞ്ഞുകൊണ്ട് താടികുത്തി നിലംപതിക്കുകയും, അതവർക്ക് ഭക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യും.

《107》 قُلْ പറയുക ا آمِنُوا വിശ്വസിക്കുവിൻ بِهِۦٓ ഇതി (അതി) ൽ ا أَوْ لَا تُؤْمِنُوٓا അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുവിൻ إِنَّ നിശ്ചയമായും ا الَّذِينَ أُوتُوا നൽകപ്പെട്ടവർ الْعِلْمَ അറിവ് مِن قَبْلِهِۦٓ ഇതിന് (അതിന്) മുമ്പ് إِذَا يُتْلَىٰ അത് ഓതിക്കേൾപ്പിക്ക (ഓതിക്കൊടുക്ക) പ്പെടുന്നതായാൽ عَلَيْهِمْ അവർക്ക് يَخِرُّونَ അവർ വീഴും, നിലംപതിക്കും, അടഞ്ഞുവീഴും لِلْأَذْقَانِ താടികളിലേക്ക് (താടികുത്തി) ا سُجَّدًا സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായി 《108》 وَيَقُولُونَ അവർ പറയുകയും ചെയ്യും سُبْحَانَ മഹാപരിശുദ്ധൻ (വാഴ്ത്തുന്നു) رَبِّنَا ഞങ്ങളുടെ റബ്ബ് (റബ്ബിനെ) إِن كَانَ നിശ്ചയമായും ആകുന്നു, ആയിരിക്കുന്നു وَعْدُ വാഗ്ദാനം (നിശ്ചയം) رَبِّنَا ഞങ്ങളുടെ റബ്ബിന്റെ لَمَفْعُولًا ചെയ്യപ്പെടുന്ന (പ്രവർത്തനത്തിൽ വരുത്തപ്പെടുന്ന)ത് തന്നെ 《109》 وَيَخِرُّونَ അവർ വീഴുക (നിലംപതിക്കുക)യും ചെയ്യും لِلْأَذْقَانِ താടികളിലേക്ക് (താടി കുത്തി) يَبْكُونَ അവർ കരഞ്ഞുകൊണ്ട് وَيَزِيدُهُمْ അതവർക്ക് വർധിപ്പിക്കുകയും ചെയ്യും خُشُوعًا ഭക്തി, ഭയപ്പാട്

ഓത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണിത്. يَخِرُّونَ لِلْأَذْقَانِ എന്ന വാക്കിലെ പദങ്ങൾ നോക്കുമ്പോൾ 'താടികളിലേക്കു വീഴും' എന്നാണെങ്കിലും 'താടികുത്തിവീഴും' എന്നത്രെ അതുകൊണ്ട് വിവക്ഷ.

വേണമെങ്കിൽ വിശ്വസിച്ചുകൊള്ളുക, അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക- നിങ്ങളുടെ യുക്തം പോലെയാവാം-രണ്ടായാലും അതിന്റെ ഫലം നിങ്ങൾക്കുതന്നെ. നിങ്ങൾ വിശ്വസിച്ചില്ലെന്നുവെച്ച് ഖുർആന് യാതൊരു ന്യൂനതയും കുറവും ബാധിക്കുവാനില്ല.

വിശ്വസിച്ചതുകൊണ്ട് അതിന് ഒരു മേന്മയും ലഭിക്കുവാനുമില്ല. വേദഗ്രന്ഥങ്ങളെക്കുറിച്ച് പരിചയം സിദ്ധിക്കാത്ത നിങ്ങൾ അതിൽ വിശ്വസിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ വേദഗ്രന്ഥമാണെന്ന് ബോധ്യപ്പെടുക തന്നെ ചെയ്യും. അഥവാ മുൻ വേദഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട ആ റസൂലാണിതെന്നും. അദ്ദേഹം മുഖേന അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥമാണ് ക്വുർആനെന്നും അവർക്ക് മനസ്സിലാകും. അങ്ങനെ, അത് കേൾക്കുമ്പോൾ, ഭക്തി വിനയം നിമിത്തം അവർ മുഖംകുത്തി നിലംപതിക്കുകയും, അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്തുകൊണ്ടും കരഞ്ഞുകൊണ്ടും അവന് സാഷ്ടാംഗ നമസ്കാരം ചെയ്യുകയും ചെയ്യും. എന്നൊക്കെ ആ അവിശ്വാസികളോട് പറയുവാൻ അല്ലാഹു നബിﷺയോട് കൽപിക്കുന്നു.

ഇതിനു മുമ്പ് അറിവ് നൽകപ്പെട്ടവർ (ٱلَّذِينَ أُوتُوا ٱلْعِلْمَ مِن قَبْلِهِ) എന്ന വാക്കിൽ വേദക്കാർ മൊത്തത്തിൽ ഉൾപ്പെടുമെങ്കിലും, നബിﷺയുടെ വെളിപാടിന് മുമ്പ്തന്നെ, അന്ത്യ പ്രവാചകൻ വരുന്നുവെന്നും, അദ്ദേഹത്തിന്റെ സ്ഥിതിഗതികൾ ഇന്നിന്നപ്രകാരമായിരിക്കുമെന്നും തങ്ങളുടെ വേദഗ്രന്ഥം വഴി വേണ്ടതുപോലെ മനസ്സിലാക്കിവെച്ചിട്ടുള്ള അവരിലെ സത്യവാന്മാരാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാണ്. ക്വുർആൻ കേൾക്കുമ്പോൾ ഭയഭക്തി നിമിത്തം അവർ സുജൂദായി താടികുത്തി വീഴുമെന്ന് പറഞ്ഞതിൽ നിന്ന് ഇത് സ്പഷ്ടമാണ്. ഇന്നത്തെ ചില ക്രിസ്തീയ പാതിരിമാർ-മുസ്ലിം പാമരൻമാരെ കബളിപ്പിക്കുവാൻ വേണ്ടി അവർ നടത്താറുള്ള പല സൂത്രങ്ങളിൽ ഒന്നായി- ഇതുപോലെയുള്ള ചില അരമുറി ക്വുർആൻ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട്- തങ്ങളെപ്പറ്റി ക്വുർആനിൽ വളരെ പ്രശംസിച്ചു പറഞ്ഞിട്ടുണ്ടെന്നും, തങ്ങൾ സത്യമാർഗത്തിലാണെന്ന് ക്വുർആൻ അംഗീകരിച്ചിട്ടുണ്ടെന്നുമൊക്കെ തട്ടിമൂളിക്കാറുണ്ട്. സന്ദർഭങ്ങളിൽനിന്ന് അടർത്തിയെടുത്തും, അവരെക്കുറിച്ചു മറ്റു സ്ഥലങ്ങളിൽ ക്വുർആൻ അർഥശങ്കക്കിടമില്ലാത്തവിധം വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള പല യാഥാർഥ്യങ്ങളുടെയും നേരെ കണ്ണടച്ചുകൊണ്ടുള്ള ഒരു ചെപ്പടി വിദ്യയത്രെ അത്. അവർ ജൽപിക്കുന്നതിൽ സത്യത്തിന്റെ വല്ല അംശവും ഉണ്ടെങ്കിൽ തന്നെ, ആ തട്ടിമൂളിക്കുന്ന ആളുകൾ ആദ്യമായി തങ്ങളെ പ്രശംസിക്കുന്ന ആ ക്വുർആനിൽ വിശ്വസിക്കുകയും അതിനെ അംഗീകരിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്.

അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ, ഭക്തിവിനയം പ്രകടിപ്പിക്കലും, കണ്ണുനീരൊഴുക്കി കരയലുമൊക്കെ സദ്വൃത്തരായ സജ്ജനങ്ങളുടെ ലക്ഷണമത്രെ. അല്ലാഹുവിന്റെ ആയത്തുകളിൽ വിശ്വസിക്കുന്നവരുടെ ലക്ഷണങ്ങൾ പറയുന്ന കൂട്ടത്തിൽ ഒന്നിലധികം സ്ഥലത്ത് ഇക്കാര്യം അല്ലാഹു എടുത്തുപറഞ്ഞിരിക്കുന്നത് കാണാം. ഒരു ഹദീഥിൽ നബിﷺ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു: 'അല്ലാഹുവിനെ ഭയപ്പെട്ടത് നിമിത്തം കരയുന്ന മനുഷ്യൻ, (മൃഗത്തിന്റെ) പാൽ അകിട്ടിലേക്ക് മടങ്ങിപ്പോകുന്നതു വരെ നരകത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിന്റെ മാർഗത്തിലെ പൊടിയും, നരകത്തിന്റെ പുകയും ഒരുമിച്ചു കൂടുകയില്ല.' (തി;ന; മു.)

﴾110﴿ (നബിയേ) പറയുക: നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചുകൊള്ളുക, അല്ലെങ്കിൽ 'റഹ്മാൻ' എന്ന് വിളിച്ചുകൊള്ളുക. ഏത്തന്നെ നിങ്ങൾ വിളിക്കുന്നതായാലും (നല്ല

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا

https://velichamsaudionline.com/

تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

ത്തന്നെ; കാരണം) അവന് ഏറ്റം നല്ല (ഉൽകൃഷ്ട) നാമങ്ങളുണ്ട്. നിന്റെ നമസ്കാരത്തെ നീ ഉറക്കെയാക്കരുത്; അതിനെ നീ പതുക്കെയുമാക്കരുത്;- അതിന് (രണ്ടിന്നും) ഇടയിൽ ഒരു മാർഗം നീ തേടുകയും ചെയ്യുക.

﴾110﴿ قُلِ പറയുക ادْعُوا നിങ്ങൾ വിളിക്കുക اللَّهَ അല്ലാഹു എന്ന്, 'അല്ലാഹു'വിനെ أَوِ ادْعُوا അല്ലെങ്കിൽ വിളിക്കുക الرَّحْمَٰنَ റഹ്മാൻ എന്ന്, 'അർറഹ്മാനെ' أَيًّا مَا ഏത് തന്നെ تَدْعُوا നിങ്ങൾ വിളിച്ചാലും, വിളിക്കുന്നുവോ فَلَهُ എന്നാൽ അവനുണ്ട് الْأَسْمَاءُ നാമങ്ങൾ, പേരുകൾ الْحُسْنَىٰ ഏറ്റം നല്ല (അത്യുൽകൃഷ്ടമായ) وَلَا تَجْهَرْ നീ ഉച്ചത്തിലാക്കുക (ഉറക്കെയാക്കുക) യും ചെയ്യരുത് بِصَلَاتِكَ നിന്റെ നമസ്കാരത്തെ وَلَا تُخَافِتْ നീ പതുക്കെയാക്കു (ഒതുക്കു) കയും അരുത് بِهَا അതിനെ وَابْتَغِ നീ തേടുകയും ചെയ്യുക بَيْنَ ذَٰلِكَ അതിനിടയിൽ سَبِيلًا ഒരു മാർഗം

രണ്ടു കാര്യങ്ങളാണ് ഈ വചനത്തിൽ അല്ലാഹു പഠിപ്പിക്കുന്നത്. (1) അല്ലാഹുവിനെ വിളിക്കുമ്പോൾ 'അല്ലാഹു' എന്നോ 'റഹ്മാൻ' (പരമകാരുണികൻ) എന്നോ വിളിക്കാം. രണ്ടായാലും നല്ലത് തന്നെ. വേറെയും പല ഉൽകൃഷ്ട നാമങ്ങൾ അവനുണ്ട്. അവയിൽ ഏത് നാമം ഉപയോഗിക്കുന്നതിനും വിരോധമില്ല. (2) നമസ്കാരം-അഥവാ അതിലെ ക്വുർആൻ പാരായണം, പ്രാർഥന, ദിക്ർ എന്നിവ-അധികം ഉച്ചത്തിലോ, വളരെ പതുക്കെയോ ആയിരിക്കാതെ, രണ്ടിനും മധ്യേ ഒരു മിതമായ ശബ്ദത്തിലായിരിക്കേണ്ടതാണ്. ഈ രണ്ട് കാര്യങ്ങളെക്കുറിച്ചും പ്രത്യേകം ഉണർത്തുവാൻ കാരണമായ ചുറ്റുപാട് എന്തായിരുന്നുവെന്ന് താഴെ കാണുന്ന ഉദ്ധരണികളിൽ നിന്ന് മനസ്സിലാക്കാവുന്നതാകുന്നു:-

നമസ്കാരത്തിൽ നബിﷺ 'അല്ലാഹുവേ' എന്നും, 'റഹ്മാനേ' എന്നും (يَا الله يا رحمن) പറയുന്നതായി ചില മുശ്രിക്കുകൾ കേട്ടു. ഇവൻ ഒരു ദൈവത്തെ വിളിക്കുവാൻ കൽപിക്കുകയും, രണ്ടു ദൈവങ്ങളെ വിളിക്കുകയും ചെയ്യുന്നുവെന്ന് അവർ ആക്ഷേപിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഈ വചനം അവതരിച്ചുവെന്ന് ഇബ്നു അബ്ബാസ്, മക്ഹൂൽ (റ) എന്നിവരിൽ നിന്ന് ഇബ്നു ജരീർ (റ) മുതലായ പലരും രിവായത്ത് ചെയ്തിരിക്കുന്നു. യമാമഃയിൽ കള്ളപ്രവാചകനായി പ്രത്യക്ഷപ്പെട്ട മുസൈലിമത്തുൽ കദ്ദാബിന് رحمن اليمامة (യമാമഃയിലെ റഹ്മാൻ) എന്ന് പറയപ്പെട്ടിരുന്നത് കൊണ്ട് അവനെയാണ് നബിﷺ 'റഹ്മാനേ' എന്നു വിളിക്കുന്നതെന്ന് മുശ്രിക്കുകൾ പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിരിക്കുന്നു. തൗറാത്തിൽ റഹ്മാൻ (പരമകാരുണികൻ) എന്ന് അല്ലാഹുവിനെക്കുറിച്ച് ധാരാളം പ്രസ്താവിച്ചിട്ടുണ്ടെന്നും, നബിﷺ ആ പേർ വളരെ കുറച്ചേ പറയാറുള്ളൂവെന്നും ചില വേദക്കാർ പറഞ്ഞുവെന്നും, അപ്പോൾ ഇത് അവതരിച്ചുവെന്നും ളഹ്ഹാക് (റ) പ്രസ്താവിച്ചതായി വേറെയും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

അഹ്മദ്, ബുഖാരി, മുസ്ലിം (റ) എന്നിവർ ഇബ്നു അബ്ബാസ് (റ) ൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: മക്കയിൽ നബിﷺ മറഞ്ഞിരുന്ന കാലത്ത്

(നമസ്കാരം മുതലായവ പരസ്യമായി നടത്തിയിരുന്നിട്ടില്ലാത്ത കാലത്ത്) وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا(നിന്റെ നമസ്കാരത്തെ നീ ഉറക്കെയാക്കുകയും, അതിനെ പതുക്കെയാക്കുകയും ചെയ്യേണ്ടാ) എന്നുള്ള ആയത്ത് അവതരിച്ചു. റസൂൽ ﷺ സഹാബികളോട് കൂടി നമസ്കരിക്കുമ്പോൾ ക്വുർആൻ ഉറക്കെ ഓതുമായിരുന്നു. മുശ്രിക്കുകൾ അത് കേട്ടപ്പോൾ, അവർ ക്വുർആനെയും, അത് അവതരിപ്പിച്ചവനെയും അത് കൊണ്ടുവന്ന ആളെയും പഴിക്കുകയുണ്ടായി. അപ്പോൾ, മുശ്രിക്കുകൾ ക്വുർആൻ കേട്ടുപഴിക്കുവാൻ ഇടയാകുമാറ് നമസ്കാരത്തെ ഉറക്കെയാക്കരുതെന്നും, സ്വഹാബികൾക്ക് കേട്ടുപഠിക്കുവാൻ കഴിയാതിരിക്കുമാറ് പതുക്കെയാക്കരുതെന്നും, രണ്ടിനുമിടയിൽ ഒരു മാർഗം സ്വീകരിക്കണമെന്നും അല്ലാഹു നബി ﷺ യോട് പറഞ്ഞു. ഇബ്നു സീരിനിൽ (റ) നിന്ന് ഇബ്നു ജരീർ (റ) ഇങ്ങിനെയും ഉദ്ധരിച്ചിരിക്കുന്നു: അബൂബക്ർ (റ) നമസ്കരിക്കുമ്പോൾ ശബ്ദം താഴ്ത്തുമായിരുന്നു. ഉമർ (റ) നമസ്കരിക്കുമ്പോൾ ശബ്ദം ഉയർത്തുകയും ചെയ്തിരുന്നു. താങ്കൾ എന്തുകൊണ്ടാണിങ്ങനെ ചെയ്യുന്നതെന്ന് അബൂബക്ർ (റ) നോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ റബ്ബുമായി സ്വകാര്യഭാഷണം (അഥവാ കൂടിക്കാഴ്ച) നടത്തുകയാണ്, എന്റെ ആവശ്യം അവന്നറിയാം.'അത് നല്ലത് എന്ന് പറയപ്പെട്ടു. ഉമർ (റ) നോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'ഞാൻ പിശാചിനെ ആട്ടുകയും, ഉറങ്ങിത്തൂങ്ങുന്നവരെ ഉണർത്തുകയും ചെയ്യുകയാണ്.' അത് നല്ലത് എന്ന് പറയപ്പെട്ടു. ...وَلَا تَجْهَرْ بِصَلَاتِكَ(നിന്റെ നമസ്കാരത്തെ ഉറക്കെയാക്കരുത്.....) എന്നുള്ള വചനം അവതരിച്ചപ്പോൾ അബൂബക്ർ (റ) നോട് (ശബ്ദം) അൽപം ഉയർത്തണമെന്നും, ഉമർ (റ) നോട് അൽപം താഴ്ത്തണമെന്നും പറയപ്പെട്ടു.

മേൽകണ്ട ഉദ്ധരണികളിൽനിന്ന് ഈ വചനത്തിലെ രണ്ട് കൽപനകളും അവതരിച്ച ചുറ്റുപാടുകൾ നമുക്ക് മനസ്സിലാക്കാം. അതായത്

(1) മുശ്രിക്കുകൾക്കിടയിൽ അല്ലാഹുവിനെക്കുറിച്ച് 'റഹ്മാൻ' എന്ന് പറയുക പതിവില്ലാതിരുന്നതുകൊണ്ട് നബി ﷺ 'റഹ്മാൻ' എന്ന് പറഞ്ഞുകേട്ടപ്പോൾ നബി ﷺ ക്കെതിരായി ആക്ഷേപത്തിനും ദുഷ്പ്രചാരണത്തിനും അവർ അതൊരു ആയുധമാക്കിയ ചുറ്റുപാടിലായിരുന്നു നിങ്ങൾ അല്ലാഹു എന്നോ, റഹ്മാൻ എന്നോ വിളിച്ചുകൊള്ളുക എന്ന കൽപനയുണ്ടായതും അല്ലെങ്കിൽ 'അല്ലാഹു'എന്ന നാമത്തിന്റെ അത്ര തന്നെ റഹ്മാൻ എന്ന നാമത്തെ നബി ﷺ പ്രാർഥനയിലും മറ്റും ഉപയോഗിക്കുക പതിവില്ലാത്തതിനെപ്പറ്റി യഹൂദികൾ പ്രസ്താവിച്ചുകൊണ്ടിരുന്ന ചുറ്റുപാടിലായിരുന്നു. ഒരുപക്ഷേ, ഈ രണ്ടും ഒരേ സന്ദർഭത്തിൽ തന്നെയായിരുന്നുവെന്നും വരാം. അല്ലാഹുവിനറിയാം.

(2) നമസ്കാരത്തിലെ ക്വുർആൻ പാരായണം ഉച്ചത്തിലും പതുക്കെയും നടത്തപ്പെട്ടിരുന്ന പരിതഃസ്ഥിതിയിൽ രണ്ടിലും ചില നന്മകൾ ഉണ്ടെങ്കിലും ഓരോന്നും ചില ദോഷത്തിന് കാരണമായിരുന്നതുകൊണ്ടാണ് നമസ്കാരം ഉറക്കെയും പതുക്കെയും ആക്കാതെ ഒരു മധ്യനില കൈക്കൊള്ളണമെന്ന കൽപനയുണ്ടായത്.

നിങ്ങൾ ഏത് തന്നെ വിളിച്ചാലും അല്ലാഹുവിന് ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ ഉണ്ട് (أَيًّا مَا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَىٰ)എന്ന് പറഞ്ഞതിൽ നിന്ന് 'അല്ലാഹു' 'റഹ്മാൻ' എന്നുമല്ലാത്ത ഏത് നാമങ്ങളിലും അല്ലാഹുവിനെ വിളിക്കാമെന്നും, എന്നാൽ ആ നാമങ്ങൾ അവന്റെ ഉൽകൃഷ്ട നാമങ്ങളിൽ പെട്ടതായിരിക്കണമെന്നും മനസ്സിലാക്കാം. സൂറഃ അഅ്റാഫിൽ പറയുന്നു: ....وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا(അല്ലാഹുവിന് ഏറ്റം നല്ല

https://velichamsaudionline.com/

ഉൽകൃഷ്ട നാമങ്ങളുണ്ട്. അവകൊണ്ട് അവനെ വിളിക്കുവിൻ, അവന്റെ നാമങ്ങളിൽ ക്രമക്കേട് കാണിക്കുന്നവരെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുവിൻ. അവർ പ്രവർത്തിക്കുന്നതിന് അവർക്ക് വഴിയെ പ്രതിഫലം നൽകപ്പെടുന്നതാണ്. (അഅ്റാഫ്: 180) അല്ലാഹുവിന്റെ പരിശുദ്ധതക്കും മഹത്വത്തിനും യോജിക്കുന്നതല്ലാത്ത നാമങ്ങളോ വിശേഷണങ്ങളോ അവനെക്കുറിച്ച് ഉപയോഗിക്കുവാൻ പാടില്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. (ഈ വിഷയകമായി കൂടുതൽ വിവരം അഅ്റാഫിൽ പ്രസ്തുത ആയത്തിന്റെ വിവരണത്തിലും, സൂറത്തുൽഹശ്ർ അവസാനത്തെ വചനത്തിന്റെ വിവരണത്തിലും കാണാം. നമസ്കാരത്തിന്റെ മാത്രമല്ല, നമസ്കാരത്തിന് പുറത്തും തന്നെ എല്ലാ ദിക്റുകളിലും പൊതുവെ ശബ്ദം അധികം ഉയർത്താതെയും, അധികം താഴ്ത്താതെയും മിതമായ ഒരു നില കൈക്കൊള്ളേണ്ടതാണെന്ന് പല മഹാന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മുമ്പ് ചില സന്ദർഭങ്ങളിൽ നാം ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽ 'അല്ലാഹു' എന്ന തിരുനാമം കഴിച്ചാൽ ഏറ്റവും സ്ഥാനം ക്വുർആനിൽ നൽകപ്പെട്ടിരിക്കുന്നത് 'റഹ്മാൻ' (പരമകാരുണികൻ) എന്ന നാമത്തിനാകുന്നു. മറ്റൊരു വിശേഷണവും കൂടാതെ പലപ്പോഴും ആ നാമം സ്വതന്ത്രമായി അല്ലാഹുവിനെക്കുറിച്ച് ക്വുർആൻ ഉപയോഗിച്ചിരിക്കുന്നത് കാണാം. الرَّحْمَنُ عَلَّمَ الْقُرْآنَ، عِبَادُ الرَّحْمَنِ، وَعَدَ الرَّحْمَنُ എന്നിങ്ങനെയുള്ളവ അതിന് ഉദാഹരണങ്ങളാകുന്നു. അല്ലാഹുവിന്റെ അതിമഹത്തും വിശാലവുമായ കാരുണ്യത്തെയാണല്ലോ അത് കുറിക്കുന്നത്. ഈ നാമം വേദക്കാർക്കിടയിൽ സുപരിചിതമായിരുന്നുവെങ്കിലും, അറബി മുശ്രിക്കുകൾക്കിടയിൽ അല്ലാഹുവിനെക്കുറിച്ച് അത് ഉപയോഗിക്കുക പതിവുണ്ടായിരുന്നില്ല. അതുകൊണ്ടാണ് -സൂ: ഫുർക്വാൻ: 60-ൽ കാണുന്നതുപോലെ, 'റഹ്മാനിന്ന് സുജൂദ് ചെയ്വിൻ' എന്ന് പറയപ്പെട്ടാൽ 'റഹ്മാൻ എന്താണ് '? (وما الرحمن) എന്ന് അവർ ചോദിച്ചിരുന്നതും ഹുദൈബിയാ സന്ധിപത്രത്തിൽ بسم الله الرحمن الرحيم (ബിസ്മില്ലാഹിർറഹ്മാനിർറഹീം) എന്ന് എഴുതുവാൻ നബി ﷺ ആവശ്യപ്പെട്ടപ്പോൾ 'ഞങ്ങൾക്ക് റഹ്മാനും, റഹീമും അറിയുകയില്ല എന്ന് അവർ പറഞ്ഞതും, അവരുടെ പതിവ് പ്രകാരം بسمك اللهم (ബിസ്മികല്ലാഹുമ്മ) *(*)* എന്നെഴുതണമെന്ന് അവർ ശഠിച്ചതും.

കരുണയില്ലാത്ത ഒരു ക്രൂരനായി മാത്രമേ പൗരാണിക മനുഷ്യർ അല്ലാഹുവിനെക്കുറിച്ച് കരുതിയിരുന്നുള്ളുവെന്നും, അതുകൊണ്ടാണ് അവർ അവന്റെ കാരുണ്യത്തെ കുറിക്കുന്ന 'റഹ്മാൻ' എന്ന നാമത്തെ എതിർത്തതെന്നും ചില ആളുകൾ പ്രസ്താവിച്ചു കാണാറുണ്ട്. പൗരാണിക ജനവിഭാഗങ്ങളിൽ വല്ലവർക്കും അങ്ങിനെ ഒരന്ധവിശ്വാസം ഉണ്ടായിരുന്നിരിക്കാമെങ്കിലും, ക്വുർആന്റെ അവതരണകാലത്തുള്ളവരിൽ അങ്ങിനെ വിശ്വാസമുണ്ടായിരുന്നുവെന്നും, അതുകൊണ്ടാണവർ ' റഹ്മാൻ' എന്ന നാമത്തെ എതിർത്തതെന്നുമുള്ളതിന് തെളിവൊന്നും കാണുന്നില്ല. ഇസ്റാഈല്യരെ സംബന്ധിച്ചിടത്തോളം, അവർക്ക് ആ നാമം മുമ്പേ സുപരിചിതമായിരുന്നുവെന്ന് ക്വുർആനിൽ നിന്ന് തന്നെ മനസ്സിലാക്കാം. ഉദാഹരണമായി: ഹാറൂൻ നബി (അ) ഇസ്റാഈല്യരോട് وَإِنَّ رَبَّكُمُ الرَّحْمَنُ فَاتَّبِعُونِي وَأَطِيعُوا أَمْرِي (നിങ്ങളുടെ റബ്ബ് റഹ്മാനാകുന്നു ; അതുകൊണ്ട് നിങ്ങൾ എന്നെ പിൻപറ്റുകയും എന്റെ കൽപന അനുസരിക്കുകയും ചെയ്യുവീൻ.) എന്ന് പറയുകയുണ്ടായി. (ത്വാഹാ: 90) സുലൈമാൻ നബി(അ) ബിൽക്വീസിനയച്ച കത്തിൽ

(*) അല്ലാഹുവേ, നിന്റെ നാമത്തിൽ എന്നർത്ഥം.

https://velichamsaudionline.com/

إِنِّي نَذَرْتُ لِلرَّحْمَٰنِ صَوْمًا بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ (ബിസ്മി.....) എന്ന് എഴുതിയിരിക്കുന്നു. (നംല്: 30) (ഞാൻ റഹ്മാനിന്ന് നോമ്പ് നോറ്റിരിക്കുന്നു) എന്ന് മർയം ബീവി(അ)യും പറയുകയുണ്ടായി. (മർയം: 26) തൗറാത്തിൽ റഹ്മാൻ എന്ന് അല്ലാഹുവിനെക്കുറിച്ച് ധാരാളം പറയുന്നുണ്ടെന്നും, താങ്കൾ ആ പേര് പറയൽ കുറവാണെന്നും വേദക്കാർ നബിﷺയോട് പറഞ്ഞതായി ളഹ്ഹാക് (റ) ൽ നിന്നുള്ള ഒരു രിവായത്ത് നാം അൽപം മുമ്പ് ഉദ്ധരിച്ചിട്ടുണ്ടല്ലോ. വേദക്കാർക്കിടയിൽ ആ പേർ സുപരിചിതമായിരുന്നുവെന്ന് ഇതിൽ നിന്നൊക്കെ വ്യക്തമാണ്. അല്ലാഹു സ്നേഹവും കൃപയുമുള്ളവനാണെന്ന് കാണിക്കുന്ന പല വാക്യങ്ങളും നിലവിലുള്ള ബൈബ്ളിലും കാണാം.

അറബികളെ സംബന്ധിച്ചിടത്തോളം, 'റഹ്മാൻ' എന്നും 'റഹീം' എന്നുമുള്ള നാമങ്ങൾ അല്ലാഹുവിനെപ്പറ്റി ഉപയോഗിക്കുന്നതിലല്ലാതെ, അല്ലാഹുവിന്റെ കാരുണ്യത്തിൽ അവർക്ക് എതിർപ്പുണ്ടായിരുന്നതായി തെളിയുന്നില്ല. ആ നാമം അവർക്കിടയിൽ പരക്കെ ഉപയോഗിക്കുക പതിവുണ്ടായിരുന്നില്ലെങ്കിൽ പോലും അത് അവർക്ക് അജ്ഞാതമായിരുന്നില്ലെന്ന് സൂ: സുഖ്റുഫ്: 20-ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം. മുശ്രിക്കുകൾ മലക്കുകളെ ആരാധിച്ചിരുന്നതിനെ ന്യായീകരിക്കുവാൻ വേണ്ടി لَوْ شَاءَ الرَّحْمَٰنُ مَا عَبَدْنَاهُم (റഹ്മാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങൾ അവരെ ആരാധിക്കുമായിരുന്നില്ല.) എന്ന് പറഞ്ഞതായി അല്ലാഹു അവിടെ ഉദ്ധരിച്ചിരിക്കുന്നു. മാത്രമല്ല, വേദക്കാരിൽനിന്ന് ആ പേർ അവർ കേട്ടുപരിചയിക്കുവാൻ തികച്ചും സാധ്യതയുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, അറബികൾക്കിടയിൽ ആ വാക്ക് അല്ലാഹുവിനെപ്പറ്റി ഉപയോഗിക്കുക പതിവില്ലാത്തതും, കിട്ടുന്ന അവസരമെല്ലാം നബി ﷺയെ എതിർക്കുന്നതിനും ആക്ഷേപിക്കുന്നതിനും ഉപയോഗപ്പെടുത്തുവാനുള്ള വെമ്പലും നിമിത്തമായിരുന്നു അവർ 'റഹ്മാൻ' എന്ന പ്രയോഗത്തെ ആക്ഷേപിച്ചത് എന്ന് പറയുവാനേ ന്യായം കാണുന്നുള്ളൂ.

ഒരു വസ്തുത കൂടി ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്. അതായത്, ഓരോ മതക്കാർക്കും, സമുദായങ്ങൾക്കുമിടയിൽ അല്ലാഹുവിനെക്കുറിച്ച് അവർ ഉപയോഗിച്ചുവരാറുള്ള ചില പ്രത്യേക നാമവിശേഷണങ്ങൾ ഉണ്ടായിരിക്കും. ഉദാഹരണമായി: 'അല്ലാഹു, പടച്ചവൻ, കാരുണ്യവാൻ' പോലെയുള്ള വാക്കുകൾ മുസ്ലിംകൾക്കിടയിലും, 'ഈശ്വരൻ, കരുണാകരൻ' പോലെയുള്ള വാക്കുകൾ ഹിന്ദുക്കൾക്കിടയിലും, 'കർത്താവ്' എന്ന് ക്രിസ്ത്യാനികൾക്കിടയിലുമാണ് അധികം ഉപയോഗം. ആ വാക്കുകളിലടങ്ങിയ ആശയത്തിൽ പരസ്പരം ഭിന്നിപ്പില്ലെങ്കിൽ തന്നെയും ഒരുകൂട്ടർ പ്രത്യേകം ഉപയോഗിക്കുന്ന വാക്കുകൾ മറ്റൊരു കൂട്ടർക്ക് ഉപയോഗിക്കുവാൻ വൈമനസ്യമുണ്ടായിരിക്കും. അന്യോന്യം വെറുപ്പിലും വിദ്വേഷത്തിലും കഴിഞ്ഞുകൂടുന്ന പരിതഃസ്ഥിതികളിൽ പ്രത്യേകിച്ചും വെറുപ്പ് തോന്നുക സ്വാഭാവികമാകുന്നു.

وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ

﴾111﴿ നീ പറയുകയും ചെയ്യുക: 'യാതൊരു അല്ലാഹുവിനത്രെ സ്തുതി (മുഴുവനും)! അവൻ ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല; രാജാധികാരത്തിൽ അവന് ഒരു പങ്കാളിയും ഇല്ല; എളിമ [ദൗർബ്ബല്യം] നിമിത്തം അവന് ഒരു ബന്ധുവും

وَلَمْ يَكُن لَّهُۥ وَلِيٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًۢا ﴿١١١﴾

ഇല്ല. (അങ്ങിനെയുള്ള അല്ലാഹുവിനത്രെ സ്തുതി) അവനെ നീ ഒരു (പരിപൂർണമായ) മഹത്വപ്പെടുത്തൽ മഹത്വപ്പെടുത്തുകയും ചെയ്യുക! [അവന്റെ മഹത്വത്തെ പരിപൂർണമായി കീർത്തനം ചെയ്കയും ചെയ്യുക]

﴾111﴿ وَقُلِ നീ പറയുകയും ചെയ്യുക ٱلْحَمْدُ സ്തുതി (മുഴുവൻ) لِلَّهِ അല്ലാഹുവിനാകുന്നു ٱلَّذِي യാതൊരുവനായ لَمْ يَتَّخِذْ അവൻ ഏർപ്പെടുത്തിയിട്ടില്ല (സ്വീകരിച്ചിട്ടില്ല) وَلَدًا സന്താനം وَلَمْ يَكُن ഇല്ലതാനും لَّهُۥ അവന് شَرِيكٌ ഒരു പങ്കാളി, കൂറുകാരൻ فِى ٱلْمُلْكِ രാജത്വ (രാജാധികാര) ത്തിൽ وَلَمْ يَكُن ഇല്ലതാനും لَّهُۥ അവന് وَلِيٌّ ഒരു മിത്ര (ബന്ധു-കൈകാര്യകർത്താ)വും مِّنَ ٱلذُّلِّ നിന്ദ്യത (എളിമ-ദുർബ്ബലത) നിമിത്തം وَكَبِّرْهُ അവനെ നീ മഹത്വപ്പെടുത്തുക (മഹത്വ കീർത്തനം ചെയ്യുക)യും ചെയ്യുക تَكْبِيرًا ഒരു മഹത്വപ്പെടുത്തൽ (മഹത്വകീർത്തനം)

'തസ്ബീഹ്' (സ്തോത്ര കീർത്തനം) കൊണ്ട് ആരംഭിച്ച ഈ സൂറത്ത് 'ഹംദും' (സ്തുതി കീർത്തനവും) 'തക്ബീറും' (മഹത്വ കീർത്തനവും) കൊണ്ടാണ് അല്ലാഹു അവസാനിപ്പിക്കുന്നത്. ഈ രണ്ടിനുമിടയിലായി, തൗഹീദിന്റെ മർമപ്രധാനവും, അവന്റെ മഹത്വത്തിനും പരിശുദ്ധിക്കും നിദാനവുമായിരിക്കുന്ന മൂന്ന് യാഥാർത്ഥ്യങ്ങൾ ഓർമിപ്പിക്കുകയും ചെയ്തിരിക്കുന്നു.

(1) അവൻ ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ലെന്ന്. അഥവാ യഥാർത്ഥ മക്കളോ പോറ്റുമക്കളോ, ദത്തുമക്കളോ അവനില്ല. യഹൂദികൾ ഉസൈർ (അ) നെയും, ക്രിസ്ത്യാനികൾ ഈസാ (അ) നെയും, മുശ്‌രിക്കുകൾ മലക്കുകളെയും അല്ലാഹുവിന്റെ സന്താനങ്ങളാക്കുന്നു. മറ്റു ചില മതക്കാർ വേറെ ചിലരെയും അവന്റെ സന്താനങ്ങളായി ഗണിച്ചുവരുന്നു. ഇങ്ങിനെയുള്ള എല്ലാതരം സന്താന വാദങ്ങളിൽനിന്നും അവൻ പരിശുദ്ധനത്രെ.

(2) രാജാധികാരത്തിൽ അവന് യാതൊരു പങ്കാളികളുമില്ലെന്ന്. അതെ, അവന്റെ അധികാരാവകാശങ്ങളിലും, കൈകാര്യ നടത്തിപ്പിലും നാമമാത്രമായ ഒരു പങ്ക് പോലും ആർക്കുമില്ല.

(3) എളിമ നികത്തുവാൻ അവന് ഒരു ബന്ധുവുമില്ലെന്ന്; അതായത്, അവന്റെ ഏതെങ്കിലും ദൗർബല്യമോ, പോരായ്മയോ കാരണത്താൽ അവന് ബന്ധുമിത്രാദികളോ, സഖികളോ, സഹായികളോ ആയി ആരുമില്ല. അതെ, هُوَ اللَّهُ أَحَدٌ اللَّهُ الصَّمَدُ لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُن لَّهُ كُفُوًا أَحَدٌ അവൻ ഏകനായ അല്ലാഹുവാണ്; അവൻ സർവ്വാശ്രയനായ യജമാനനാണ്; അവന് സന്താനം ജനിച്ചിട്ടില്ല; അവൻ ജനിച്ചുണ്ടായവനുമല്ലെന്ന്; അവന് തുല്യനായി ഒരാളും ഇല്ല.)

﴿يقول افقر الورى الى عفوالله ورحمته محمد بن حسن الامانى : فرغت من تسويد هذه النسخة من

تفسير القرآنالكريم من سورة الفاتحة الى آخر سورة الاسراء ليلة الثلثاء الرابعة عشرة من شوال سنة ١٣٩٧ هـ الموافق ٧٧/٩/٢٧ م بعد ان كان الشروع فيه ضحى يوم الاحد الثامن من رمضان سنة ١٣٩٥ هـ الموافق ٧٥/٩/١٤ م. وقد كان الفراغ من تبييضه ليلة الاحد الثامنة رجبالحرام سنة ١٣٩٩ هـ الموافق ١٩٧٩/٦/٢م ـ ولله الحمد أولا وآخرا